# വരാപ്പുഴ ഗ്രാമപഞ്ചായത്ത്

(ISO 9001:2015 Certified)

വരാപ്പുഴ.പി.ഒ വരാപ്പുഴ - 683517

ഫോൺ : 0484-2513003 ഇ-മെയിൽ : varapuzhasggp@gmail.com

SC3-1734/2024 തീയതി : 09/05/2024

ബഹു.സ്ഥിരം അദാലത്ത് സമിതി മുൻപാകെ - 8/194 A നമ്പർ കെട്ടിട ഉടമ ശ്രീമതി.ബിനിത ഷിബു ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്

ശ്രീ.കെ.കെ.ബാബു, കൊച്ചുപറമ്പിൽ എന്നയാൾ കെട്ടിട നിർമ്മാണാനുമതിക്കായി സമർപ്പിച്ച BA - 59 /12 -13 പെർമിറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ള തീറാധാര പ്രകാരം ടിയാന് 2011 ൽ 283 /6 - 2 സർവ്വേ നമ്പറിൽ പെട്ട 1.54 ആർ സ്ഥലവും ഓട് മേഞ്ഞ 300 ചതുരശ്ര അടിയും വാർക്ക 200 ചതുരശ്ര അടിയും ഉൾപ്പെടെ 500 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതും (46.458 ചതുരശ്ര മീറ്റർ ) 2000 ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമായ VP 1/100 നമ്പർ കെട്ടിടം ശ്രീ.ബിജു.വി.പി, വെട്ടിക്കാട്ട് എന്ന വ്യക്തിയിൽ നിന്നും സിദ്ധിച്ചിട്ടുള്ളതായി കാണുന്നു. ടി കെട്ടിടം പുനഃനിർമ്മിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള പ്ലാനിൽ പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കേണ്ടതാണെന്നും ആയതിന്റെ വിസ്തീർണം 71.54 ചതുരശ്ര മീറ്റർ ആണെന്നും രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത അപേക്ഷയിൽ എൽ.എസ്.ജി.ഡി വിഭാഗം ഓവർസീയർ സ്ഥല പരിശോധന നടത്തി CRZ മേഖലയിൽ നിലവിലുള്ള 71 .54 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയ ഉള്ള വീട് പൊളിച്ച 70.38 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയ ഉള്ള ഒരു നില RCC വീടാണ് നിർമ്മിക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.06.2012 ൽ 70 .38 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയ ഉള്ള ഒരു നില RCC വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് അനുവദിച്ചിരുന്നു. 28.11.2012 ൽ വീട് പണി പൂർത്തീകരിച്ചതായി കാണിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റ്, നികുതി നിർണ്ണയ റിട്ടേൺ എന്നിവ സമർപ്പിച്ച തിൻ പ്രകാരം ടി കെട്ടിടത്തിന് 8 / 194 A(പഴയ നമ്പർ 1 /106 B) എന്ന നമ്പർ നൽകി 01.04.2012 മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ളതും പ്രസ്തുത കെട്ടിടം 10.08.2018 ൽ ടിയാന്റെ മകൾ ബിനിത ഷിബുവിന്റെ പേർക്ക് ഉടമസ്ഥാവകാശം മാറ്റി നൽകിയിട്ടുള്ളതുമാണ്.

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുള്ള അസസ്സ്മെന്റ് രേഖകൾ പ്രകാരം VP 1/100 നമ്പർ കെട്ടിടം ശ്രീ.ബിജു.വി.പി യുടെ ഉടമസ്ഥതയിലുണ്ടായിരുന്നതായും കെട്ടിടത്തിന്റെ വിവരണം കടിൽ എന്നും രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. അസസ്സ്മെന്റ് രജിസ്റ്റർ C2 ൽ പേജ് നം – 12 ൽ ശ്രീ.ബാബു, കൊച്ചുപറമ്പിലിന്റെ ഉടമസ്ഥതയിൽ 1/106 B എന്നും ആയതിന്റെ പുതിയ നമ്പർ 8/194 A എന്നും രേഖപ്പെടുത്തി കാണുന്നു. ആയതിന്റെ കെട്ടിട വിവരണം 2 – ബെഡ് റൂം, ഹാൾ, കിച്ചൺ, സിറ്റ് ഔട്ട്, സിമന്റ് തറ, RCC റൂഫ്, വിസ്തീർണ്ണം – 70.38 ചതുരശ്ര മീറ്റർ, നികുതി 318/- രൂപ

ടി കെട്ടിടം സം ബന്ധിച്ച് ശ്രീ. വിമൽ മാവർ എന്ന വ്യക്തി പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ടി കെട്ടിടത്തിൽ ഒരു നില കൂടി കൂട്ടി ചേർത്തിട്ടുള്ളതായി ബോധ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ഉടമയായ ശ്രീമതി. ബിനിത ഷിബു , മാവേലി D/o ബാബു കൃഷ്ണൻ എന്നയാൾക്ക് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുവാൻ നോട്ടീസ് നൽകുകയും ആയതിനു 17.04.2023 ന ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തു എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ KPBR , CRZ ലംഘനങ്ങൾ കണ്ടെത്തിയതിനാൽ ടി ന്യൂനതകൾ പരിഹരിച്ചു അപേക്ഷ പുനസമർപ്പിക്കുവാൻ 27.04.2023 ന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും അപാകത പരിഹരിച്ചു അപേക്ഷ പുനസമർപ്പിച്ചിട്ടില്ലാത്തതാണ്. ഇതേ തുടർന്ന് അപേക്ഷ പുനസമർപ്പിക്കാത്ത പക്ഷം KPBR 235 (W ) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന്

കാണിച്ച 20.07.2023 ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടും ടിയാരിയുടെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള പ്രതികരണവും ഉണ്ടാകാതിരുന്നതിനാൽ 05.04.2024 ന് KPBR 235(W) പ്രകാരം താൽക്കാലിക നോട്ടീസ് നല്കിയിട്ടുള്ളതാണ്.

ശ്രീമതി. ബിനിത ഷിബു നടത്തിയിട്ടുള്ള അനധികൃത നിർമാണം സംബന്ധിച്ച ടിയാരിയുടെ അയൽവാസിയായ ശ്രീ.വിമൽ മാവർ ബഹു. കേരള ഹൈകോടതിയിൽ സമർപ്പിച്ചിരുന്ന WPC 11047 / 23 നമ്പർ കേസിൽ ബഹു .ഹൈ കോടതി 04.04.2024 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം 08.04.2024 തീയതിയിൽ പഞ്ചായത്ത് ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിൽ 3, 4 നമ്പറിലുള്ള പ്രതികൾ ക്രമവ ൽക്കരണത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ യും വാദിയുടെ പരാതിയും പരിഗണിച്ച കക്ഷികളെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ നിയമവിധേയമായി തീരുമാനം കൈകൊള്ളുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ടി വിഷയത്തിൽ ഇരു കക്ഷികളെയും 16.05.2024 തീയതിയിൽ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാ ണ്. ആയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നിയമവിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അങ്ങയുടെ അറിവിലേക്കായി ബോധിപ്പിച്ചു കൊള്ളുന്നു.

Sandhya

Secretary
Varapuzha Grama Panchayath